# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോ–ഓർഡിനേഷൻ സമിതി

**01.08.2012–ൽ കൂടിയ കോ–ഓർഡിനേഷൻ സമിതിയുടെ യോഗ നടപടിക്കുറിപ്പ്:–**

യോഗം വൈകുന്നേരം 5 മണിക്ക് സെക്രട്ടറിയേറ്റ് നോർത്ത് കമ്മിറ്റി ഹാളിൽ ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയും, ബഹു. നഗരകാര്യവകുപ്പു മന്ത്രിയും യോഗത്തിൽ സംബന്ധിച്ചു.

**1. 04.07.2012–ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.**

**2. പൊതു വിഷയങ്ങൾ**

**2.1 പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി (2012–17) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ മാർഗരേഖയിലെ ഭേദഗതികളുടെ അംഗീകാരം**

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ആസൂത്രണ മാർഗരേഖയിൽ വിവിധ തലങ്ങളിൽ നിന്നു നിർദ്ദേശിക്കപ്പെട്ട ഭേദഗതികൾ ചർച്ച ചെയ്യുകയും, ചർച്ചയിലെ തീരുമാനങ്ങൾ അനുസരിച്ച് ഉൾപ്പെടുത്തുന്നതിനു വിധേയമായി അംഗീകരിക്കുകയും, തുടർ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**2.2 സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയുടെ അംഗീകാരം**

സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖയുടെ കരട് ചർച്ച ചെയ്യുകയും, ചർച്ചയിലെ തീരുമാനങ്ങളനുസരിച്ച് കൂട്ടിച്ചേർക്കുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിന് വിധേയമായി അംഗീകരിക്കുകയും, തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. പ്രത്യേക വിഷയങ്ങൾ**

**3.1 കേരള ബുക്ക് മാർക്ക് മുഖേന പുസ്തകങ്ങൾ വാങ്ങുന്നത്**

**ഫയൽനം. 38156/ഡി.എ2/2012/തസ്വഭവ**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുസ്തകങ്ങൾ വാങ്ങുമ്പോൾ സർക്കാർ സ്ഥാപനമായ 'ബുക്ക് മാർക്കിന്' മുൻഗണന നൽകണമെന്നും, 'ബുക്ക് മാർക്കിൽ' ലഭ്യമല്ലാത്ത പുസ്തകങ്ങൾ മാത്രമേ പുറമേ നിന്നു വാങ്ങാവൂ എന്നും നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കോന്നി ഗ്രാമ പഞ്ചായത്ത്, കെ.എസ്.ആർ.റ്റി.സി. ബസ് സ്റ്റാൻഡിന് ഭൂമി വാങ്ങൽ ഫയൽ നം. 40077/ എഫ്.എം.2/2012/തസ്വഭവ**

കെ.എസ്.ആർ.റ്റി.സി ഡിപ്പോ, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ സ്ഥാപിക്കുന്നതിന് ഭൂമി വാങ്ങുന്നതിനുള്ള പ്രോജക്ട് കളക്ടറുടെ വാല്യുവേഷന് വിധേയമായിരിക്കണമെന്ന വ്യവസ്ഥയിൽ തനത്ഫണ്ടിൽ നിന്ന് 44,82,390/- രൂപ ചെലവു ചെയ്യുന്നതിനും 2012-13 വർഷ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അനുമതി നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 വേളം ഗ്രാമപഞ്ചായത്ത് വാഹന അറ്റകുറ്റപ്പണി**

**ഫയൽ നം. 38223/ഡി.ബി.3/2012/തസ്വഭവ**

വാഹന അറ്റകുറ്റപ്പണികളെ സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ വിംഗിന്റെ പരിശോധനാ റിപ്പോർട്ട് വാങ്ങി തുടർനടപടി സ്വീകരിക്കാൻ വേളം ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകി തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ കാലപരിധി, പരമാവധി ഉപയോഗം, റിപ്പയർ തുടങ്ങിയ കാര്യങ്ങളിൽ മാർഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് പി.ഡബ്ല്യൂ.ഡി. മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ, ധനകാര്യ വകുപ്പിന്റെ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് കാർ വാങ്ങുന്നതിനെതിരെ പരാതി**

**ഫയൽ നം. 17389/ഡി.ബി.3/2012/തസ്വഭവ**

വാഹനം ലഭ്യമല്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആവശ്യമെങ്കിൽ വാങ്ങുകയോ വാടകയ്ക്ക് എടുക്കുകയോ ചെയ്യുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത് എന്നതിനാൽ പരാതിയിൽ തുടർ നടപടി വേണ്ടെന്ന് തീരുമാനിച്ചു. മേലിൽ ഇത്തരം വിഷയങ്ങൾ കമ്മിറ്റിയിൽ വയ്ക്കേണ്ടതില്ലെന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാഹനം വാടകയ്ക്ക് ഉപയോഗിക്കുന്നത്**
**ഫയൽ നം. 31019/ഡി.ബി.3/2012/തസ്വഭവ**

വാഹനം ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാടകയിനത്തിൽ ചെലവഴിക്കാവുന്ന തുക 50,000/- രൂപയായി 2007-ൽ നിശ്ചയിച്ചിരുന്നത് പ്രതിവർഷം 75,000/- രൂപയായി ഉയർത്തി തീരുമാനിച്ച് പൊതു ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

## 3.6 ECIL-ECIT സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നത്.

**ഫയൽ നം.35730/ഡി.എ1/2012/തസ്വഭവ**

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഐ.ടി. സംബന്ധമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ ECIL-ന്റെ കമ്പ്യൂട്ടർ **എഡ്യൂക്കേഷൻ ഡിവിഷനായ** ECIT -യെ അക്രഡിറ്റഡ് സ്ഥാപനമായി അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

## 3.7 ചീക്കോട് ഗ്രാമപഞ്ചായത്ത് (എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം

**ഫയൽ നം. 43407/ഡി.എ2/2012/തസ്വഭവ**

2011-12 ജനകീയാസൂത്രണ പദ്ധതിയിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകുന്നതിന് ചീക്കോട് ഗ്രാമപഞ്ചായത്ത് 2,50,000/- രൂപ ചെലവാക്കിയതിന് സാധൂകരണം നൽകി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

## 3.8 മലപ്പുറം ജില്ലാപഞ്ചായത്ത് (ഔദ്യോഗിക വാഹനം സംബന്ധിച്ച്)

**ഫയൽ നം. 35904/ഡി.എ/2012/തസ്വഭവ**

ഔദ്യോഗികാവശ്യത്തിനായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് പുതിയ വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി 10 ലക്ഷം രൂപയായി നിശ്ചയിച്ചു. ത്രിതല പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി 10 ലക്ഷം രൂപയായി അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

## 3.9 കുന്നംകുളം നഗരസഭ കുടിവെള്ള പദ്ധതി

**ഫയൽ നം. 44355/എഫ്.എം.3/2012/തസ്വഭവ**

ഗുണഭോക്തൃ സമിതി രൂപീകരണത്തിന് കാലതാമസം നേരിടുന്നതിനാൽ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കുന്നതിന് കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന കുന്നംകുളം നഗരസഭയുടെ അപേക്ഷയിൽമേൽ കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 തൃശൂർ ജില്ലാ പഞ്ചായത്ത് വാഹനങ്ങൾ കൈമാറുന്നത്**

**ഫയൽനം.46098/ഡി.ബി 3/2012/തസ്വഭവ**

വകുപ്പ്തലത്തിൽ തീരുമാനമെടുക്കാൻ തീരുമാനിച്ചു..

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പൊതുമരാമത്ത് പ്രവർത്തികളുടെ സാങ്കേതിക അനുമതി നൽകുന്നത്**

**അപേക്ഷ നം. 46482/ഡി.എ1/12/തസ്വഭവ**

എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ അപേക്ഷയിലെ ആവശ്യങ്ങൾ ആസൂത്രണ മാർഗരേഖയിലെ ഭേദഗതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ഏറത്ത് ഗ്രാമപഞ്ചായത്ത് അപേക്ഷ നം. 46586/ഡി.എ1/12/തസ്വഭവ മെറ്റലിംഗ്, ടാറിംഗ് – മാർഗരേഖ വ്യക്തമാക്കുന്നത് സംബന്ധിച്ച് ശ്രീ.ചിറ്റയം ഗോപകുമാർ എം.എൽ.എ വഴി നൽകിയ നിവേദനം**

പുതിയ റോഡ് നിർമ്മാണ പ്രവൃത്തികൾ പഞ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് അപേക്ഷ നം. 45926/12/തസ്വഭവ**

ഒരു പഞ്ചായത്തിനു മാത്രമായി പ്രത്യേക സഹായം നൽകുന്നതിനു സാധ്യതയില്ലാത്തതിനാൽ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൽ തുടർ നടപടി വേണ്ട എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 വളവന്നൂർ ഗ്രാമപഞ്ചായത്ത് ഫയൽ നം. 44361/ഡി.എ2/12/തസ്വഭവ**

മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് വളവന്നൂർ ഗ്രാമപഞ്ചായത്ത് സപ്ലൈകോക്ക് തുക നൽകുന്നത് സംബന്ധിച്ച് അനുമതി ആവശ്യപ്പെട്ടത് അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റിവച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്  ഫയൽ നം. 6475/ഡി.എ1/12/തസ്വഭവ**

5 ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾ മാത്രമേ ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാവൂ എന്നിരിക്കെ, ക്രമവിരുദ്ധമായി ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചതിന്റെ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 പാലിയേറ്റീവ് കെയർ   ഫയൽ നം. 28532/ഡി.എ1/12/തസ്വഭവ**

പാലിയേറ്റീവ് പരിചരണം സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമവകുപ്പ് തയ്യാറാക്കി സമർപ്പിച്ച കരട് മാർഗരേഖ അംഗീകരിക്കുകയും തുടർനടപടി കൈക്കൊള്ളാൻ നിർദ്ദേശിക്കുകയും ചെയ്തു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 പരിഹാര വകയിരുത്തലുകൾ**

പരിഹാര വകയിരുത്തലുകൾ സംബന്ധിച്ച് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ ഉന്നയിച്ച വിഷയങ്ങളിൽമേൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

- 11-ാം പഞ്ചവൽസര പദ്ധതിയുടെ മാർഗ നിർദ്ദേശപ്രകാരം നിശ്ചിത ശതമാനം തുക ഉത്പാദന മേഖലയിൽ വകയിരുത്തുകയും, എന്നാൽ അത്രയും തുക ചെലവാക്കാതിരിക്കുകയും ചെയ്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പു സാമ്പത്തിക വർഷം ഉത്പാദന മേഖലയിൽ അത് പരിഹരിക്കേണ്ടതില്ല എന്നു തീരുമാനിച്ചു.
- എസ്.സി.പി/റ്റി.എസ്.പി. ഫണ്ടുകളിൽ നിന്നും ജനറൽ വിഭാഗത്തിൽ ചെലവഴിച്ചിട്ടുണ്ടെങ്കിൽ അത് നടപ്പുവർഷം പരിഹരിക്കേണ്ടതാണ് എന്നു തീരുമാനിച്ചു.
- 2011-12 സാമ്പത്തിക വർഷത്തിൽ വനിതാ ഘടകപദ്ധതിക്ക് 10% തുകയും, ശിശുക്കൾ - വൃദ്ധർ - ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്കായുള്ള പ്രത്യേക പദ്ധതിയിൽ 5% തുകയും വകയിരുത്തുകയും , എന്നാൽ അത്രയും തുക ചെലവഴിക്കാതിരിക്കുകയും ചെയ്ത തദ്ദേശഭരണ സ്ഥാപനങ്ങൾ ആ തുക നടപ്പു സാമ്പത്തിക വർഷം പരിഹരിക്കേണ്ടതാണ് എന്നു തീരുമാനിച്ചു.

(യോഗം 6.30-P.M-ന് അവസാനിച്ചു.)